**പതിമൂന്നാം കേരള നിയമസഭ**
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (3) പ്രകാരമുള്ള സംക്ഷേപം

[Resume under Rule 239 (3) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയുടെ 2011-2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളിന്മേലുള്ള ചർച്ച സംബന്ധിച്ച്**

2014 ജൂലൈ 16-ാം തീയതി സമർപ്പിച്ചത്
(Presented on 16th July, 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി VII

## (SUBJECT COMMITTEE VII)

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(ELECTRICITY, LABOUR AND LABOUR WELFARE)

കേരള നിയമസഭയുടെനടപടിക്രമവുംകാര്യനിർവ്വഹണവുംസംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 239 (3) പ്രകാരമുള്ള സംക്ഷേപം

[Resume under Rule 239 (3) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ,
കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ
പദ്ധതി എന്നിവയുടെ 2011-2012 സാമ്പത്തിക വർഷത്തെ
ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളിന്മേലുള്ള
ചർച്ച സംബന്ധിച്ച്**

1055/2014

## ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| സംക്ഷേപം | .. | 1 |

# വിഷയനിർണ്ണയ സമിതി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (2014-2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. ഷിബു ബേബി ജോൺ,
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

| | | |
|---|---|---|
| ശ്രീ. | എ. കെ. ബാലൻ, | എം.എൽ.എ. |
| ,, | എം. ചന്ദ്രൻ, | ,, |
| ,, | പി. കെ. ഗുരുദാസൻ, | ,, |
| ,, | എം. ഹംസ, | ,, |
| ,, | പി. എ. മാധവൻ, | ,, |
| ,, | എൻ. എ. നെല്ലിക്കുന്ന് , | ,, |
| ,, | എ. കെ. ശശീന്ദ്രൻ, | ,, |
| ,, | കെ. ശിവദാസൻ നായർ, | ,, |
| ,, | എം. എ. വാഹിദ്, | ,, |

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി

,, എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ പരിധിയിൽ വരുന്ന കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയുടെ 2011-12 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളിന്മേലുള്ള ചർച്ചയെ സംബന്ധിക്കുന്ന സംക്ഷേപം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239 (3) പ്രകാരം സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 235-ാം ചട്ടത്തിലെ (1)-ാം ഉപചട്ടം (v) പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി എന്നിവയുടെ 2011-2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളെ സംബന്ധിച്ച് സമിതി 11-3-2013-ൽ ചർച്ച ചെയ്യുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിലുള്ള ഈ സംക്ഷേപം സമിതിയുടെ 9-7-2014-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2014 ജൂലൈ 9.

ആര്യാടൻ മുഹമ്മദ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി VII.*

## സംക്ഷേപം

## കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (3) പ്രകാരമുള്ള സംക്ഷേപം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 235-ാം ചട്ടത്തിലെ (1)-ാം ഉപചട്ടം (v) പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയുടെ 2011-2012 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളെ സംബന്ധിച്ച് 11-3-2013-ൽ സമിതി ചർച്ച ചെയ്യുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ സംക്ഷേപം ചുവടെ ചേർക്കുന്നു:

### കേരള സംസ്ഥാന വൈദ്യുതി ബോർഡ്

2. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2011-12 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് (ഹെഡ് ഓഫ് അക്കൗണ്ട് 2801-80-101-99-33) പരിഗണിക്കവേ 120 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ സർച്ചാർജ്ജിൽനിന്ന് ഒഴിവാക്കുന്നതിനായി ഉപധനാഭ്യർത്ഥനയിലൂടെ സംസ്ഥാന വൈദ്യുതി ബോർഡിന് 54.6 കോടി രൂപ അനുവദിച്ചുവെന്നും ബാക്കി തുക ഇനിയും ലഭിക്കേണ്ടതുണ്ടെന്നും സമിതി നിരീക്ഷിച്ചു. ബാക്കി ലഭിക്കാനുള്ള തുകയുടെ വിശദാംശം നൽകണമെന്നും ടി തുക കൂടി ലഭ്യമാക്കണമെന്നും ആയതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി, നിലവിലുള്ള സ്ഥിതി എന്നിവ സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്തു.

3. കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻപ്രകാരം ടി കമ്പനിയിലെ സർക്കാരിന്റെ ഓഹരി പങ്കാളിത്തത്തിനായി 5 ലക്ഷം രൂപ നിക്ഷേപിക്കുന്നതിന് അനുമതി ലഭിക്കുകയും ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ച പ്രസ്തുത തുക 30-3-2012-ൽ ബോർഡിൽ ലഭിക്കുകയും ചെയ്തതായി പ്രവർത്തന റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കി.

4. ലോകബാങ്കിന്റെ സഹായത്തോടു കൂടി ഭാരത സർക്കാർ മുഖേന നടപ്പിലാക്കി വരുന്ന വിദേശ സഹായ പദ്ധതിയായ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി, 2011-12-ൽ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ തുക ഡാം സുരക്ഷാ പ്രവൃത്തികൾക്കായിട്ടാണ് അനുവദിച്ചിരിക്കുന്നതെന്നും കേന്ദ്ര മന്ത്രാലയവും

സംസ്ഥാനങ്ങളുമായും ബന്ധപ്പെട്ട നടപടിക്രമങ്ങൾമൂലം പ്രോജക്ട് ആരംഭിക്കുവാൻ കുറച്ചു സമയംകൂടി വേണ്ടിവരുമെന്നതിനാൽ തുക അനുവദിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ലായെന്നും സമിതിക്ക് ബോധ്യമായി. പ്രോജക്ട് ആരംഭിക്കുവാനുള്ള നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കണമെന്നും ആയതിനാവശ്യമായ തുക അനുവദിച്ചു കിട്ടാനുള്ള നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യു.

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ**

5. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ 2011-12 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്യു.

**കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി**

6. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിക്ക് 5-1-2012-ലെ നമ്പർ 20/2012/തൊഴിൽ ഉത്തരവ് പ്രകാരം 2011-12-ലെ ബഡ്ജറ്റിൽ അനുവദിച്ച 10 ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നുള്ള 8,89,311 രൂപയും ചേർത്ത് ആകെ 18,89,311 രൂപ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23-1-2012-ലെ എ 1/668/2011 നമ്പർ ഉത്തരവ് പ്രകാരം വിവിധ ജില്ലകളിലേക്ക് ആനുകൂല്യ വിതരണത്തിനായി അനുവദിച്ചിട്ടുണ്ടെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. പദ്ധതിയിൽ എത്ര മെമ്പർമാരുണ്ടെന്നും മാനേജ് മെൻറ് വിഹിതം എത്രയെന്നും തൊഴിലാളി വിഹിതം എത്രയെന്നും തൊഴിലാളികളുടേയോ മാനേജ്മെൻറിന്റേയോ സർക്കാരിന്റേയോ കുടിശ്ശികയുണ്ടോയെന്നും എങ്കിൽ അത് എത്ര രൂപയാണെന്നും ഇപ്പോൾ ഫണ്ടിൽ എത്ര തുകയുണ്ടെന്നും, സർക്കാരിൽനിന്നും എന്തു തുക ലഭിക്കാനുണ്ടെന്നുമുള്ള വിശദാംശങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

തിരുവനന്തപുരം,
2014 ജൂലൈ 9.

ആര്യാടൻ മുഹമ്മദ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി VII.*